LIBRARY ARCHIVES Kerala Legislative Assembly

സിൽട്ടേഷൻ നീക്കം ചെയ്യാനുള്ള പദ്ധതി

33 [5997] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജല വിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെല്ലാം കുടിവെള്ള പദ്ധതികളുടെ അണക്കെട്ടുക ളാണ് സിൽട്ടേഷൻ മൂലം കപ്പാസിറ്റി കുറഞ്ഞതായി കണ്ടെത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? ഇത് സംബന്ധിച്ച് പഠനം ഏത് സ്ഥാപനങ്ങളാണ് നിർവ്വഹിച്ചത്;

(ബി) സിൽട്ടേഷൻ മൂലം ജല വാഹകശേഷിയിലുണ്ടായിട്ടുള്ള കുറവ് പരി ഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ;

(സി) ഡാം ക്യാച്ച്മെന്റുകളിലടിഞ്ഞിട്ടുള്ള മണൽ ശേഖരം നീക്കം ചെയ്യാൻ എന്തൊക്കെ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്;

(ഡി) ഈ പ്രവൃത്തിക്ക് ചുമതല ഏറ്റെടുത്തിട്ടുള്ള സ്ഥാപനങ്ങൾ ഏതൊക്കെ യാണ്, ഓരോ പദ്ധതിമേഖലയിൽനിന്നും എത്ര വീതം മണൽ ശേഖരം നീക്കാനാണ് ഇപ്പോൾ കരാർ നൽകിയിട്ടുള്ളത്; ഇത് മോണിട്ടർ ചെയ്യാൻ എന്തൊക്കെ സംവിധാ നങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്; വിശദവിവരം വ്യക്തമാക്കാമോ?

ഉത്തരം

(എ) തിരുവനന്തപുരം ശുദ്ധജല വിതരണ പദ്ധതിയുടെ സ്രോതസ്സായ അരു വിക്കര അണക്കെട്ടിൽ സിൽട്ട് അടിയുന്നത് കാരണം കപ്പാസിറ്റി കുറയുന്നുണ്ടെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അണക്കെട്ടുകളിൽ എല്ലാംതന്നെ സെഡിമെന്റേഷൻ മുൻകണ്ടു കൊണ്ട് പ്രത്യേക ജലസംഭരണ ശേഷി രൂപ കൽപ്പന ചെയ്യുമ്പോൾ തന്നെ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

സെൻട്രൽ വാട്ടർ കമ്മീഷൻ റിസർവോയർ സെഡിമെന്റേഷൻ കമ്മിറ്റി റിപ്പോർട്ടിൽ മണ്ണൊലിപ്പ് തടയുന്നതിന് അനുശാസിക്കേണ്ട നിബന്ധനകൾ പ്രതിപാദിച്ചി ട്ടുണ്ട്. ജലവിഭവ വകുപ്പിന്റെ കീഴിലുള്ള കേരള എഞ്ചിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, പീച്ചി ജലസംഭരണികളിൽ ഉണ്ടാകാവുന്ന എക്കൽ അടിയൽ സംബന്ധി ച്ചുള്ള പഠനം നടത്തിയിട്ടുണ്ട്.

(ബി) പേപ്പാറ ജല ജലസംഭരണിയിൽനിന്നും ജലം അരുവിക്കര അണക്കെ ട്ടിലേക്ക് തുറന്നുവിട്ട്, സിൽട്ടേഷൻ മൂലം ഈ അണക്കെട്ടിലുണ്ടായിട്ടുള്ള കുറവ് പരിഹരിക്കുന്നുണ്ട്.

(സി) മലമ്പുഴ, പഴശ്ശി, ചിറ്റൂർപ്പുഴ, കുറ്റ്യാടി പദ്ധതി എന്നിവയിലെ റിസർവോ യറിൽ അടിഞ്ഞുകൂടുന്ന മണൽ നീക്കംചെയ്യുന്ന പ്രവൃത്തി പരസ്യമായി ലേലത്തിൽ കൂടുതൽ തുക കാട്ട് ചെയ്യുന്ന വ്യക്തികളെ ചുമതലപ്പെടുത്തി നടപ്പിലാക്കിവരുന്നു. പീച്ചി ഡാമിന്റെ കാച്ച്മെന്റ് ഏരിയായിൽ അടിഞ്ഞിട്ടുള്ള മണൽ നീക്കം ചെയ്യുന്നതി നുള്ള പ്രാരംഭ നടപടികൾ എടുത്തുവരുന്നു. കല്ലട പദ്ധതിയുടെ വൃഷ്ടി പ്രദേശ ങ്ങളിൽനിന്നും അടിഞ്ഞിട്ടുള്ള മണൽ, എക്കൽ എന്നിവ നീക്കം ചെയ്യുന്നതിനുള്ള നടപടികൾ പൂർത്തിയായിക്കൊണ്ടിരിക്കുന്നു.

(ഡി) മലമ്പുഴ, പഴശ്ശി, ചിറ്റൂർപ്പുഴ, കുറ്റ്യാടി പദ്ധതികളിലെ റിസർവോയറുകളിലെ മണൽ നീക്കം ചെയ്യുന്നതിന് കാലാകാലങ്ങളിൽ പരസ്യമായി ലേലം ചെയ്ത് അനുമതി നൽകുന്നു. നീക്കം ചെയ്യേണ്ട മണൽശേഖരത്തിന്റെ അളവ് തിട്ടപ്പെടുത്തിയിട്ടില്ല. അതത് ഓഫീസുകളിലെ അസിസ്റ്റന്റ് എഞ്ചിനിയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ മുതലായവരാണ് ഇത് മോണിറ്റർ ചെയ്യുന്നത്. അതത് ഡാം സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയർമാരാണ് ഔട്ട്പാസ് നൽകുന്നത്. കല്ലട ജലസേചന പദ്ധതി ജലസംഭരണിയിൽ അടിഞ്ഞുകൂടിയിട്ടുള്ള മണൽ, എക്കൽ എന്നിവ നീക്കം ചെയ്യുന്നതിനുള്ള ലേല നടപടികൾ പൂർത്തിയാക്കി വരുന്നു.

മഴവെള്ളം ശേഖരിച്ച് കുടിവെള്ള ദൗർലഭ്യം കുറയ്ക്കുന്നതിനായി പദ്ധതി

34 [5999] ശ്രീ. കെ. കെ. ജയചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജല വിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഴവെള്ളം ശേഖരിച്ച് കുടിവെള്ള ദൗർലഭ്യം കുറയ്ക്കുന്നതിനായി സർക്കാർ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതി ഏതെല്ലാം ജില്ലകളിലാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്;

(ബി) പ്രസ്തുത പദ്ധതിയുടെ ഘടന, പദ്ധതി നടത്തിപ്പ് എന്നിവയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയുടെ മതിപ്പ് ചെലവ് എത്ര കോടി രൂപയാണ്; സംസ്ഥാനത്ത് എത്ര വർഷംകൊണ്ട് പദ്ധതി പൂർത്തിയാക്കി ലക്ഷ്യം കൈവരിക്കുമെന്നാണ് ഉദ്ദേശിക്കുന്നത്;

(ഡി) ബഹുനില കെട്ടിടങ്ങൾ നിർമ്മിക്കുമ്പോൾ മഴവെള്ളം സംഭരിക്കുന്നതിനുള്ള സംഭരണികൾ നിർബന്ധിതമാക്കുന്നതിന് നിയമം കൊണ്ടുവരാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) തയ്യാറാക്കിയിട്ടുണ്ട്. ഇപ്പോൾ തിരുവനന്തപുരം, എറണാകുളം, കോട്ടയം, ആലപ്പുഴ എന്നീ ജില്ലകളിലാണ് കേരള വാട്ടർ അതോറിറ്റി ഈ പദ്ധതി നടപ്പിലാക്കുന്നത്. ബാക്കി ജില്ലകളിൽകൂടി ഈ പദ്ധതി വ്യാപിപ്പിക്കുവാൻ നടപടി സ്വീകരിച്ചു വരുന്നു.

(ബി) ഒഴുകി പാഴായി പോകുന്ന മഴവെള്ളത്തെ അനുയോജ്യമായ രീതിയിൽ പ്രകൃത്യാലുള്ള ഭൂവിന്യാസങ്ങൾ ഉപയോഗിച്ച് സംഭരിക്കുന്ന രീതിയാണ് മഴവെള്ള ശേഖരണ പദ്ധതി.

LIBRARY ARCHIVES Kerala Legislative Assembly